# കാലിത്തീറ്റ കുത്തരിയായി വിപണിയിൽ

തൃശ്ശൂർ: കാലിത്തീറ്റക്കായി എഫ്. സി. ഐ വിറ്റഴിച്ച ഉപയോഗശൂന്യമായ അരി റെഡ് ഓക്സൈഡ് ചേർത്ത് കുത്തരിയായി വിപണിയിൽ എത്തുന്നു. വിപണിയിൽ കുത്തരിക്ക് പ്രിയമേറിയതാണ് കൃത്രിമ കുത്തരി ഉൽപ്പാദനത്തിന് വഴിയൊരുക്കിയിട്ടുള്ളത്.

ഉപയോഗശൂന്യമായി കെട്ടിക്കിടന്നിരുന്ന പുഴക്കലരി അടുത്തിടെയാണ് എഫ്. സി. ഐ വിറ്റഴിച്ചത്. കാലിത്തീറ്റയായി വിറ്റഴിച്ച അരി പ്രമുഖ മില്ലുകാരും അരിവ്യാപാരികളുമാണ് വാങ്ങിക്കൂട്ടിയത്. ഈ കാലിത്തീറ്റ റെഡ് ഓക്സൈഡ് ചേർത്ത് പുഴുങ്ങി ഉണക്കി കുത്തരിയാക്കി പാക്കറ്റിലാക്കി വിൽക്കുകയാണ് ചെയ്യുന്നത്.

റെഡ് ഓക്സൈഡ് ചേർത്ത അരി ഉപയോഗിച്ചുള്ള ഭക്ഷണസാധനങ്ങൾ വൃക്കയുടെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നതാണ്